പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 890 — 30.11.2018 ൽ മറുപടിയ്ക്ക്

## കോതമംഗലം മുനിസിപ്പാലിറ്റി വനം വകുപ്പിന് കൈമാറിയ സ്ഥലം

| | ചോദ്യം<br>ശ്രീ. ആന്റണി ജോൺ | | മറുപടി<br>അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കോതമംഗലം മുൻസിപ്പാലിറ്റിയുടെ കൈവശമിരുന്ന 75 സെന്റ് സ്ഥലം വനം വകുപ്പിന് കൈമാറിയത് തിരികെ മുൻസിപ്പാലിറ്റിക്ക് ലഭ്യമാക്കണമെന്ന് കാണിച്ച് കോതമംഗലം മുനിസിപ്പാലിറ്റി സമർപ്പിച്ച നിവേദനം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത നിവേദനത്തിൽ എന്ത് തീരുമാന മെടുത്തെന്ന് വ്യക്തമാക്കാമോ; | (എ) | കോതമംഗലം മുനിസിപ്പാലിറ്റിയുടെ കൈവശമിരുന്ന 75 സെൻറ് സ്ഥലം ഒരു കാലഘട്ടത്തിലും മുനിസിപ്പാലിറ്റിയുടെ കൈവശമായിരുന്നില്ല. എന്നാൽ, 1917 മുതൽ വനം വകുപ്പിന്റെ കൈവശത്തിലുള്ള വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള കോതമംഗലം സർക്കാർ തടി ഡിപ്പോയിലെ 75 സെൻറ് സ്ഥലം പാർക്കിംഗ് ഏരിയക്കായി കോതമംഗലം മുനിസിപ്പാലിറ്റിക്കായി വിട്ടു കൊടുത്തുകൊണ്ട് 07.09.2013 ൽ GO(Rt)4927/2013/RD ആയി റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ ഒരു സർക്കാർ ഉത്തരവ് ഉണ്ടായിട്ടുള്ളതാണ്. ഈ ഉത്തരവിൻ പ്രകാരം ടി 75 സെന്റ് സ്ഥലം മുൻസിപ്പാലിറ്റിക്ക് വിട്ടുനൽകിയിരുന്നില്ല. പിന്നീട് 07.09.2017 ലെ GO(Rt)3864/2017/RD പ്രകാരം 07.09.2013 ലെ പ്രസ്തുത ഉത്തരവ് പിൻവലിച്ചിട്ടുള്ളതാണ്. ടി 75 സെന്റ് സ്ഥലം ഉൾപ്പെടുന്ന 5.7 ഏക്കർ (2.3088 ഹെക്ടർ) 1961 ലെ കേരള വന നിയമം 4-ാം വകുപ്പ് പ്രകാരം proposed |

| | | | |
|---|---|---|---|
| | | | reserved forest ആയി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ടി വിജ്ഞാപനം (SRO No 699/2017 G.O(P) No 09/2017/F&WLD തീയതി 04.11.2017) 10.11.2017 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) വാല്യം 6 നമ്പർ 2642 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | കോതമംഗലം ടൗണിന്റെ ഹൃദയ ഭാഗത്തുള്ള പ്രസ്തുത 75 സെന്റ് സ്ഥലം മുനിസിപ്പാലിറ്റിയുടെ വികസന പ്രവർത്തനങ്ങൾക്കായി വനം വകുപ്പിൽ നിന്നും വിട്ടുനൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | മറുപടി [എ] യിൽ വിശദമാക്കിയ പ്രകാരം **proposed reserve forest** ന്റെ ഭാഗമാകയാൽ പ്രസ്തുത 75 സെൻറ് സ്ഥലം മുൻസിപ്പാലിറ്റിയുടെ വികസന പ്രവർത്തനങ്ങൾക്കായി വനം വകുപ്പിൽ നിന്നും വിട്ടു നൽകുവാൻ കഴിയുന്നതല്ല. ടി **proposed reserve forest** സ്ഥലത്താണ് വനം വകുപ്പിന്റെ കോതമംഗലം സർക്കാർ തടി ഡിപ്പോയും കോതമംഗലം ഡിവിഷണൽ ഓഫീസ് ഉൾപ്പെടെ വിവിധ ഓഫീസുകളും സ്റ്റാഫ് ക്വാർട്ടേഴ്സുകളും നിലവിലുള്ളത്. ഡിപ്പോ ഉപയോഗത്തിന് തന്നെ നിലവിലുള്ള സ്ഥലം തികയാത്ത അവസ്ഥയാണുള്ളത്. |

സെക്ഷൻ ഓഫീസർ.